## Syro-Malabar Eparchy of St Thomas the Apostle, Melbourne

MY LORD MY GOD

Prot.No.MPL: 104/21/60

### സർക്കുലർ
### My Share to Our Eparchy

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ,

സീറോമലബാർ മെൽബൺ രൂപത എട്ടാം വയസ്സിലേക്ക് പ്രവേശിക്കാൻ പോകുന്ന അവസരത്തിൽ, നാളിതുവരെ നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാവിധ സഹായസഹകരണങ്ങൾക്കും രൂപതാധ്യക്ഷൻ എന്ന നിലയിൽ ഞാൻ നന്ദി അറിയിക്കുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ നമ്മുടെ രൂപതാതിർത്തി ഫ്രാൻസിസ് മാർപ്പാപ്പ ന്യൂസീലൻഡിലേക്കും മറ്റ് ഓഷ്യാനിയ രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചത് മിഷൻ പ്രവർത്തനത്തിന് വലിയ സാധ്യതകളും കൂടുതൽ ഉത്തരവാദിത്തവും നമുക്ക് നല്കിയിരിക്കുകയാണല്ലോ. ഈ അവസരത്തിൽ നമ്മുടെ രൂപതയുടെ ഇന്നത്തെ സാമ്പത്തികാവസ്ഥയെപ്പറ്റി നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

രൂപതയുടെ ആസ്ഥാനമായി പ്രവർത്തിക്കാൻ, ബാങ്കുലോൺ എടുത്തുവാങ്ങിയ വീടൊഴികെ നമ്മുടെ രൂപതയ്ക്ക് യാതൊരുവിധ സ്വത്തോ ആസ്തിയോ ഇല്ല. രൂപതയുടെ ആരംഭം മുതൽ ഓസ്ട്രേലിയൻ വ്യവസ്ഥിതി അനുസരിച്ച് നിയമപരവും ഭരണപരവുമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും വൈദികരെ കൊണ്ടുവരാനും രൂപതാപൊതുശുശ്രൂഷകൾക്കും അനുദിന ചെലവുകൾക്കുമായും നമ്മുടെ ഇടവകകൾ നൽകുന്ന വിഹിതവും ഉദാരമനസ്കരായ ഏതാനും പേരുടെ സംഭാവനകളും അല്ലാതെ കാര്യമായ യാതൊരു വരുമാനമാർഗ്ഗവും നമുക്കില്ല. അതുകൊണ്ടൊന്നും രൂപതയുടെ അവശ്യകാര്യങ്ങളുടെ നടത്തിപ്പിനായി എടുത്ത കടങ്ങളും ബാങ്കുലോൺ വിഹിതവും ഗഡുക്കളായി അടച്ചുതീർക്കാൻ പറ്റാത്ത അവസ്ഥയാണിപ്പോൾ. വരവ് ഏറെ പരിമിതവും ചെലവുകൾ ഏറിയും വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ രൂപത കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി നിങ്ങളുമായി ആത്മാർഥമായി പങ്കുവെയ്ക്കാനും നിങ്ങളുടെ സഹായസഹകരണങ്ങൾ അടിയന്തിരമായി അഭ്യർത്ഥിക്കാനും ഞാൻ ആഗ്രഹിക്കുന്നത്.

രൂപതയുടെ സാമ്പത്തികപ്രതിസന്ധിയെപ്പറ്റി രൂപതാ സാമ്പത്തിക സമിതി (Finance Council) ഏതാനും നാളുകളായി ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ, ഈ വിഷയം 2021 സെപ്റ്റംബർ 4 നു കൂടിയ രൂപതാ പാസ്റ്ററൽ കൗൺസിലിൽ സമഗ്രമായി ചർച്ച ചെയ്യപ്പെട്ടു. അവിടെ ഉരുത്തിരിഞ്ഞ തീരുമാനപ്രകാരമാണ് ഇക്കാര്യം ദൈവജനത്തെ അറിയിക്കുന്നതും എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നതും. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ പലരും അവരുടെ വ്യക്തിപരമായ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തത് ഏറെ പ്രോത്സാഹജനകമാണ്.

ഈ പശ്ചാത്തലത്തിലാണ് "My Share to Our Eparchy" എന്ന പദ്ധതിയുമായി ഞാൻ നിങ്ങളെ സമീപിക്കുന്നത്. ഈ പദ്ധതിപ്രകാരം രണ്ടു പ്രായോഗിക നിർദ്ദേശങ്ങളാണുള്ളത്:

1. അതീവഗൗരവവും അടിയന്തിരസ്വഭാവവുമുള്ള ഈ സാമ്പത്തിക പ്രതിസന്ധി താൽക്കാലികമായി മറികടക്കാൻ നിങ്ങൾ എല്ലാവരും "one time donation" രൂപതയ്ക്ക് സംഭാവനയായി നൽകുക.

2. രൂപതയുടെ തുടർപ്രവർത്തനങ്ങളെയും ശുശ്രൂഷകളെയും ശക്തിപ്പെടുത്താൻ പ്രതിമാസം 50 ഡോളറെങ്കിലും ഡയറക്റ്റ് ഡെബിറ്റ് ആയി രൂപതയ്ക്ക് സംഭാവന ചെയ്തുകൊണ്ടിരിക്കുക.

ഈ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ ഇടവകതലത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ നാല് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ടീം രൂപീകരിക്കുക. അതിൽ വികാരിയച്ചനു പുറമെ, ഇടവകയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട രൂപതാ പാസ്റ്ററൽ കൗൺസിൽ പ്രതിനിധിയും, ഇടവക പാസ്റ്ററൽ കൗൺസിലിനോട് ആലോചനയ്ക്കുശേഷം വികാരി നിയമിക്കുന്ന രണ്ടുപേരും ഉൾപ്പെടും. ഈ ടീമിന്റെ നേതൃത്വത്തിൽ, ഇതിനായുള്ള രൂപതാസമിതിയോട് ചേർന്ന്, "My Share to Our Eparchy" എന്ന പദ്ധതി ഉടനടി എല്ലാവരിലേക്കും എത്തിക്കാനും വിജയിപ്പിക്കാനും ഞാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഇടവക സമൂഹങ്ങൾ പലവിധ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കാര്യം എനിക്ക് നന്നായി അറിയാവുന്നതാണ്. അതോടൊപ്പം നമ്മുടെ രൂപതയെ സഹായിക്കണമെന്നുള്ള അഭ്യർത്ഥനയുമായി ഞാൻ നിങ്ങളെ സമീപിക്കുകയാണ്.

നമ്മുടെ സഭാമക്കൾ എക്കാലവും ഉദാരമനസ്കരും പങ്കുവയ്ക്കുന്നതിൽ പാരമ്പര്യം ഉള്ളവരുമാണ്. വികാരിയച്ചന്റെ നേതൃത്വത്തിലുള്ള "My Share to Our Eparchy" ടീമിനോട് ഔദാര്യപൂർവ്വം പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നല്ലവനായ ദൈവം നിങ്ങളെയും കുടുംബത്തെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനയിൽ രൂപതയെയും എന്നെയും ഓർക്കണമേ.

സസ്നേഹം, നിങ്ങളുടെ പിതാവ്

+ബോസ്കോ പുത്തൂർ

2021 സെപ്റ്റംബർ 13

NB: ഈ സർക്കുലർ 2021 സെപ്റ്റംബർ 19 (ഞായർ) കുർബാനയ്ക്കിടെ വായിക്കേണ്ടതാണ്.